## പന്ത്രണ്ടാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2006 സെപ്റ്റംബർ 26, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25 (*151) റോഡുകളുടെ അറ്റകുറ്റപ്പണികൾ

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.ടി.യു. കുരുവിള) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതിനായി ഈ സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്ക് 315 കോടി രൂപയും ദേശീയ പാതകൾക്കായി കേന്ദ്ര ഷിപ്പിംഗ് റോഡ് ഉപരിതല ഗതാഗത മന്ത്രാലയം 5 കോടി രൂപയും നീക്കിവച്ചിട്ടുണ്ടെന്നും നാഷണൽ ഹൈവേയ്ക്കായി 1.73 കോടി രൂപ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കെ.എസ്.റ്റി.പി. ഏറ്റെടുത്ത റോഡുകളിൽ കരാറുകാർ തന്നെയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. ആനമല-ചാലക്കുടി റോഡിന്റെ അവശേഷിക്കുന്ന പണികൾ ഉടനെ ആരംഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണെന്നും വാളയാർ-മണ്ണുത്തി, അരൂർ-വൈറ്റില നാഷണൽ ഹൈവേകളുടെ അറ്റകുറ്റപ്പണികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്നും ടാർ ലഭിക്കുന്നതിലുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി ലഭ്യമാകുന്ന മുറയ്ക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ പൂർത്തീകരിക്കുന്നതാണെന്നും ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്ഥാടന സീസൺ തുടങ്ങുന്നതിനുമുമ്പായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*152) <u>നിക്ഷേപക താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഗ്രൂപ്പുകൾ</u>

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) നൽകിയ മറുപടിയിൽ, ഈ സർക്കാർ അധികാരത്തിൽവന്ന് ഒരു മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഗ്രമാക് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് എക്വിപ്മെന്റ്സ് (പ്രത്യേക സാമ്പത്തിക മേഖല), അശോക് ലെയ്ലാന്റ് (വിനോദസഞ്ചാര പദ്ധതി), കെ. റഹേജാ കൺസ്ട്രക്ഷൻസ് (വ്യാപാര സമുച്ചയം/ഹോട്ടൽ പദ്ധതി) എന്നീ കമ്പനികൾ കെ.എസ്.ഐ.ഡി.സി. മുഖേന നിക്ഷേപക താല്പര്യം അറിയിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അതിൽ ഗ്രമാക് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് എക്വിപ്മെന്റ്സ് കമ്പനിയോട് വിശദമായ പ്രൊപ്പോസൽ ഉടൻ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അശോക് ലെയ്ലാന്റ് കമ്പനിയുമായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. റഹേജാ കൺസ്ട്രക്ഷൻസുമായി പ്രാഥമിക ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം (തിരുവനന്തപുരം); കിൻഫ്ര ഫുഡ് പ്രോസസ്സിംഗ് പാർക്ക്, കാക്കാഞ്ചേരി; കിൻഫ്ര നിയോസ്പെയ്സ്, (മലപ്പുറം); കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, സീതംഗോളി

(കാസർഗോഡ്); കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കല്പറ്റ (വയനാട്); കിൻഫ്ര സ്മാൾ ഇൻഡസ്ട്രീസ് പാർക്ക്, കൊരട്ടി (തൃശ്ശൂർ) എന്നീ വ്യവസായ ഗ്രൂപ്പുകളിലായി പതിനാലുപേർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ശോഭാ ഗ്രൂപ്പ് ബാംഗ്ളൂർ, പി.എൽ.സി. ഗ്രൂപ്പ് കുവൈറ്റ് എന്നിവരും നിക്ഷേപക താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാല് മാസത്തിനുള്ളിൽ കൊച്ചി, ബാംഗ്ളൂർ, കണ്ണൂർ എന്നീവിടങ്ങളിലായി നടന്ന മൂന്ന് ഇൻവെസ്റ്റേഴ്സ് മീറ്റുകൾ 90 ശതമാനവും വിജയകരമായിരുന്നു. സെപ്റ്റംബർ മാസം 23-ാം തീയതി കണ്ണൂരിൽ ചേർന്ന ഇൻവെസ്റ്റേഴ്സ് മീറ്റിൽ 9 നിക്ഷേപക താല്പര്യ ഗ്രൂപ്പുകൾ മുന്നോട്ടുവന്നു. അതിൽ 7 കമ്പനികളുമായി എം.ഒ.യു. ഒപ്പുവച്ചതിൽ 5 എണ്ണവും എൻ.ആർ.ഐ.യുടേതാണ്. ഐ.ടി. മേഖലയിൽ 15 കമ്പനികൾ നിക്ഷേപ താല്പര്യവുമായി മുന്നോട്ടുവന്നതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള നടപടികൾ തുടർന്നുവരികയാണ്. ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി കേരളം അതിവേഗം മാറിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായാണ് ഇത്രയേറെ നിക്ഷേപങ്ങൾ ആകർഷിക്കാൻ കഴിഞ്ഞത്. നിക്ഷേപക താല്പര്യവുമായി മുന്നോട്ടുവരുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ളതാണ് സർക്കാരിന്റെ പൊതു സമീപനം. വ്യവസായികളെ ആകർഷിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള 150-ഓളം സ്പെഷ്യൽ ഇക്കണോമിക് സോണുകളിൽ കേരളത്തിന് 11 എണ്ണത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും കൂടുതൽ കമ്പനികൾ ഇതിലേയ്ക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും മന്ത്രി അറിയിച്ചു. വിവിധ വകുപ്പുകളി

ലായി നടക്കുന്ന നിക്ഷേപങ്ങളെയെല്ലാം അനായാസം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഒരു വകുപ്പുതല ഏകോപനത്തിനുവേണ്ടി ഗവൺമെന്റ് മുൻകൈ എടുക്കുന്നതാണ്. കിൻഫ്രയുടെ യൂണിറ്റുകൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. സ്മാർട്ട് സിറ്റിയെ സംബന്ധിച്ച ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണെന്നും കേരളത്തിലെ ജനങ്ങളുടെ താല്പര്യം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് ഇത് യാഥാർത്ഥ്യമാക്കുന്നതാണെന്നും മൂന്നു വർഷംകൊണ്ട് 18,000 പേർക്ക് തൊഴിൽ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുള്ള യൂണിടെക്കിന്റെ കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു. അമിതമായി വൈദ്യുതി ഉപയോഗിക്കുന്നതും പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നതുമായ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതല്ലെന്ന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രിയും ലോക്കൽ ഇൻവെസ്റ്റേഴ്സ് മീറ്റ് എല്ലാ ജില്ലകളിലും നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും കാസർഗോഡ്, മലപ്പുറം ജില്ലകളിൽ ഇതിനായി തീയതി നിശ്ചയിച്ചിട്ടുണ്ടെന്നും ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വില്പനയ്ക്കും ഒരു സ്ഥിരം എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ കൊച്ചിയിൽ സ്ഥാപിക്കാൻ സൂം ഡവലപ്പേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച പ്രോജക്ട് പരിശോധിച്ചുവരികയാണെന്നും വ്യവസായ വകുപ്പുമന്ത്രിയും ഉപചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു.

27 (*153) <u>ഐ.ടി. പാർക്ക് സ്ഥാപിക്കാൻ നടപടി</u>

മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ കൈവശമുള്ള സ്ഥലം

വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന പദ്ധതി (ലാൻഡ് യൂട്ടിലൈസേഷൻ പ്ളാൻ) പ്രകാരം ഉദ്ദേശം 640 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടെന്നും ഇതിൽ വിദേശ കമ്പനികൾക്ക് കൂടുതൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് പ്രയോറിറ്റി കൊടുക്കുന്നതാണെന്നും സഭയെ അറിയിച്ചു. പള്ളിപ്പുറത്ത് 500 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ടെക്നോ സിറ്റിയുടെ അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി ഏറ്റെടുത്ത് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

28 (*160) <u>പത്താം പഞ്ചവത്സര പദ്ധതി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, പത്താം പഞ്ചവത്സര പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 24000 കോടി രൂപയിൽ 2002-03 മുതൽ 2005-06 വരെയുള്ള വർഷങ്ങളിൽ യഥാക്രമം 3943.99 കോടി രൂപയും 3617.64 കോടി രൂപയും 3836.79 കോടി രൂപയും 3911.07 കോടി രൂപയും ചെലവാക്കിയതായി കണക്കാക്കപ്പെടുന്നുണ്ടെന്നറിയിച്ചു. അഞ്ചാംവർഷ പരിപാടികൾക്കുള്ള ഭേദഗതി പത്രിക പ്രകാരം 2006-07-ലെ വിഹിതം 6680.62 കോടി രൂപയാണ്.

29 (*164) <u>ഇ.എസ്.ഐ. ആശുപത്രികൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് 9 മുതൽ 13 വരെ ഫീഡിംഗ് ഡിസ്പെൻസറികൾക്ക് ഒരു ആശുപത്രി എന്ന കണക്കിൽ ഇപ്പോൾ 12 ഇ.എസ്.ഐ. ആശുപത്രികളുണ്ടെന്നും 3000 തൊഴിലാളികളാണ് ഒരു ഡിസ്പെൻസറിയുടെ ഗുണഭോക്താക്കളെന്നും ആവശ്യത്തിന് ഡോക്ടർമാരുടെ സേവനവും മരുന്നും

ലഭ്യമാണെന്നും ആശുപത്രികളുടെ പ്രവർത്തനത്തിന് 2005–06–ൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ വിഹിതമായി 17,20,14,000 രൂപ ലഭിച്ചിട്ടു ണ്ടെന്നും അറിയിച്ചു.

30 (*169) തീർപ്പുകല്പിച്ച ഫയലുകൾ

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2006 ആഗസ്റ്റ് 31 വരെ) വിവിധ വകുപ്പുകളിലായി 166742 ഫയലുകളിൽ തീർപ്പുകല്പിച്ചിട്ടുണ്ടെന്നും 131143 ഫയലുകൾ ഇനിയും തീർപ്പാക്കാനുണ്ടെന്നും ഫയൽ തീർപ്പാക്കുന്നതിനും മറ്റുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനും എല്ലാമാസവും സ്റ്റാഫ് മീറ്റിംഗ് നടത്തുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടെന്നും വകുപ്പുകളുടെ ഓരോ മാസത്തെയും പ്രവർത്തനവിവരം ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിൽ അവലോകനം ചെയ്യുന്നുണ്ടെന്നും ഒക്ടോബർ, നവംബർ മാസങ്ങൾ ഫയൽ തീർപ്പാക്കൽ മാസങ്ങളായി ആചരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചു.

31 (*172) കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കെ.എസ്.ആർ.ടി.സി. 1.4.2005 മുതൽ 31.3.2006 വരെ 148 ചേസ്സിസുകൾ വാങ്ങി ബോഡി നിർമ്മിച്ച് നിരത്തിലിറക്കുകയും 50 മിനി ബസ്സുകൾ വാങ്ങുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ പുതിയ ബസ്സുകളും സർവ്വീസ് തുടങ്ങിയിട്ടുണ്ടെന്നും അറിയിച്ചു.

32 (*176) തേയില തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഇപ്പോൾ അടഞ്ഞുകിടക്കുന്ന 22 തേയില തോട്ടങ്ങൾ ഏറ്റെ

ടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നറിയിച്ചു.

33 (*178) <u>കേരളത്തിൽ പണിയെടുക്കുന്ന അന്യ സംസ്ഥാന തൊഴിലാളികൾ</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 36,143 അന്യ സംസ്ഥാന തൊഴിലാളികൾ (ലഭ്യമായ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച്) കേരളത്തിൽ പണിയെടുക്കുന്നുണ്ടെന്നും വിശദമായ ഒരു സർവ്വേ റിപ്പോർട്ട് തയ്യാറാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

31 (832) <u>മുംബൈ സ്ഫോടനാപകടത്തിൽപ്പെട്ടവർക്ക് സഹായം</u>

2006 ജൂലായ് 11–ാം തീയതി മുംബെയിലുണ്ടായ സ്ഫോടനങ്ങളിൽ 7 മലയാളികൾ മരിക്കുകയും 10 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. മരണമടഞ്ഞവരുടെ ആശ്രിതർക്ക് അരലക്ഷം രൂപവീതം ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

32 (863 & 904) <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയുള്ള നിയമനം</u>

1.6.2006 മുതൽ 31.8.2006 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2055 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്ചേഞ്ചുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി കംപ്യൂട്ടർവൽക്കരണം നടന്നുവരുന്നു. കേരളത്തിലെ 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി ഉയർത്തുക, തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, വികലാംഗർക്കും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പരിശീലനം നൽകുക, എംപ്ലോയ്മെന്റ് വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകുക എന്നീ പ്രൊപ്പോസലുകൾ

11–ാമത് പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

33 (894) ഗൾഫ് മലയാളികളുടെ പുനരധിവാസം

പ്രവാസ ജീവിതത്തിനുശേഷം തിരികെവന്നവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ പ്രവാസികളുടെ ക്ഷേമത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന', തിരിച്ചെത്തിയ സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്നവരുടെ കുടുംബങ്ങളെ ഇൻഷ്വർ ചെയ്യുന്നതിന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (പ്രവാസി സ്വാശ്രയ), വിദേശ മലയാളി കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വിവിധ ജില്ലകളിൽ ആരംഭിച്ചി ട്ടുള്ള ചെറുകിട നിക്ഷേപ സംരംഭങ്ങൾ, സംസ്ഥാനതലത്തിൽ രൂപീകരി ക്കുന്ന ഉല്പാദക–വിപണന–സർവ്വീസിംഗ് ശൃംഖലകൾ എന്നീ ക്ഷേമ പുന രധിവാസ പദ്ധതികൾ പ്രവാസി കേരളീയകാര്യവകുപ്പിന്റെ ഫീൽഡ് എജൻസിയായ നോർക്ക–റൂട്ട്സ് നടപ്പിലാക്കി വരുന്നു.

34 (911) വ്യാജമദ്യകേസുകൾ

2006 ആഗസ്റ്റ് ഒന്നുമുതൽ സെപ്റ്റംബർ 10 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത 817 വ്യാജമദ്യ കേസുകളിൽ 498 പേരെ അറസ്റ്റ് ചെയ്യുകയും 420 പേരെ വിവിധ കോടതികൾ റിമാന്റ് ചെയ്യുകയും ചെയ്തി ട്ടുണ്ട്. ഈ കാലയളവിൽ 53931 ലിറ്റർ സ്പിരിറ്റും, 12833 ലിറ്റർ വ്യാജമദ്യവും പിടിച്ചെടുത്തിട്ടുണ്ട്.

35 (920) <u>തൊഴിൽ നിയമപ്രകാരമുള്ള കേസ്സുകളുടെ തീർപ്പാക്കൽ</u>

1–9–2006–ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ 5 ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലായി 1402 കേസുകളും 4 ലേബർ കോടതികളിലായി 1348 കേസുകളും തീർപ്പാക്കാനുണ്ട്. കേസുകൾ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി അഭിഭാഷകരുടെയും കക്ഷികളുടെയും സഹകരണത്തോടുകൂടി വിചാരണ ധൃതഗതിയിലാക്കുകയും ഇരു കക്ഷികളുടെയും സമ്മതത്തോടുകൂടി ലോക അദാലത്തുകളും ക്യാംപ് സിറ്റിംഗുകളും നടത്തുകയും ചെയ്യുന്നുണ്ട്.

36 (961) <u>റോഡ് പുനരുദ്ധാരണത്തിന് നബാർഡിന്റെ സഹായം</u>

2006–07–ൽ ആർ.ഐ.ഡി.എഫ്. XII–ൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് നബാർഡിൽ നിന്നും 141.66 കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.